കോടതികളിൽ വ്യവഹാരങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി

68 (5986) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതികളിൽ വ്യവഹാരങ്ങൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കാൻ ചില നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകുന്ന വിവരം സംസ്ഥാന സർക്കാരിനറിവുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നയരൂപീകരണം വല്ലതും നടത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് നീതി നിർവ്വഹണം ത്വരിതപ്പെടുത്താൻ തക്കവിധം നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യത്തിൽ ആ മേഖലയിലെ വിദഗ്ധരിൽ നിന്നും അഭിപ്രായ ശേഖരണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) കോടതികളിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന വ്യവഹാരങ്ങളുടെ എണ്ണം കുറയ്ക്കുന്നതിലേക്കും മറ്റും വഴിതെളിക്കുന്ന ഒരു സംസ്ഥാന ലിറ്റിഗേഷൻ നയം രൂപീകരിക്കാനുള്ള ഒരു നിർദ്ദേശം കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

ടൂറിസം മേഖല രൂപീകരണവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പഠനങ്ങൾ

69 (5987) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ ടൂറിസം സീസണിൽ എത്ര ആഭ്യന്തര/ വിദേശ ടൂറിസ്റ്റുകൾ വീതം എത്തിയെന്ന് അറിയിക്കുമോ ;

(ബി) ടൂറിസം സീസണിലെ വരുമാനത്തിൽ 2008, 2009 വർഷങ്ങളിലെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(സി) ടൂറിസം മേഖലയുടെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) മൂന്നാർ ടൂറിസം മേഖല രൂപീകരിക്കുമ്പോൾ കഴിഞ്ഞ വർഷം ഊട്ടിയിലും നീലഗിരിയിലുമുണ്ടായ ഉരുൾപൊട്ടലുകളുടെ പശ്ചാത്തലത്തിൽ ആവശ്യമായ പാരിസ്ഥിതിക പഠനങ്ങൾ നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly